# പ്രിയ നബിയോട് ഒരപഥൻ

**അശ്റഫ് അബൂ അദ്നാൻ**

**കദനത്താൽ**
കവനത്താൽ
വചനത്താൽ
വാചാടോപത്താൽ
ഞാൻ നിന്റെ പോരിശ പാടവേ
പാടിയാടിത്തകർക്കവേ
ജനി ജീവിതമൃതികളുടെ
നാഥന്റെ നിർഝരി നീ ചരിത്ര–
നിധിയായ് തേനമൃതമായി
നന്മയുടെ നദിയായി
നിത്യവും നിലയ്ക്കാതെ
നിൽക്കാതെയനുസ്യൂതം
ഒഴുകിയേയിരുന്നു.
ഞാനറിഞ്ഞിട്ടു–
മറിഞ്ഞില്ല നിന്നെ നബീ!

ഞാൻ
വാസുകിയുടെ കാളകൂട
വിഷം കലങ്ങിയ
കാളിന്ദിയാറ്റിൽനിന്നു
കുടിച്ചുമതിൽ കുളിച്ചു–
മതിൽ മദിച്ചു–
മതിൽ കൂത്താടിയും
വിഷം തീണ്ടി
കരാള നീലിമയായി
കയ്ക്കും കാഞ്ഞിരക്കുരുവായി.
നീയൊഴുകിയൊരിക്കലു–
മഴുകാത്ത നിർമല ജലവുമായി
മന്വന്തരങ്ങളെ വിസ്മയിപ്പിച്ചും
മനിതർക്കു തിളക്കമുറ്റ
തെളിമയാർന്ന സ്വത്വം പകർന്നും
സംസ്കൃതിയുടെ സുഗന്ധമിയന്ന
യുഗ സൂനങ്ങൾ വിരിയിച്ചും
സൃഷ്ടിദൈവങ്ങളുടെ
സ്വാസ്ഥ്യം കെടുത്തിയും
സ്ഥാപനങ്ങളുടെ ശിലാ–
ഫലകങ്ങൾ പോലുമിളക്കിയു–
മങ്ങിനെയനുസ്യൂതം നിർവിഘ്നം.

ഞാനറിയുന്നു നബീ:
മൃത്യുവിനൊരു
ജനിയില്ലാത്ത
യനശ്വര പരലോകം
പൂരിപ്പിക്കാൻ
ആയിരം കരചരണങ്ങളുള്ള
അവസാനത്തെ മൃത്യുവുമായ്,
മന്വന്തരങ്ങളെയീ
ലോകത്തുമറമാടാൻ,
മുന്നറിയിപ്പൂത്തിനായ്
കാഹളമെടുക്കാനാജ്ഞ
പാർത്തിരിക്കുന്നു
നാഥന്റെ മാലാഖ
പ്രപഞ്ചത്തെയിനിയുമൊരു
വിപഞ്ചികയായ്മീട്ടാതിരിക്കാ–
നതിനെയിനിയുമൊരു
കളിപ്പാട്ടമായ് തട്ടാതിരിക്കാൻ
വിനാശത്തിന്റെ ശവമഞ്ചമൊരുക്കി–
യതിൽ പ്രപഞ്ചത്തെയൊടുക്കാ–
നാജ്ഞ കാത്തിരിക്കുന്നു മാലാഖ,
കാലത്രയങ്ങളെ കുലുക്കിയിളക്കുന്ന
കാതടക്കുന്ന കാഹളമൂത്തിനായി.

വിശ്വാസിയുടെ
കരളിൽ കുളിരും
കണ്ണിലമൃതുമാനന്ദവും
വാഗ്ദത്ത സ്വർഗവു–
മമരത്വവു മാത്മ നിർവൃതിയു–
മുദ്യാനവിരുന്നും നാഥന്റെ
നശിക്കാത്ത നിത്യവിരുന്നും
നേടിത്തരാൻ നീ
ധൃതിയായ് തകൃതിയായ്
വിധിദിന നാഥങ്കൽ,

കാഹളനാദവും വിഴുങ്ങി-
യൊഴുകിയെത്തുമേ!

എന്റെ വലം കൈയിൽ
നീ പിടിക്കാനേൽപിച്ച
സൂര്യനെ ഞാൻ
ദൂരെയെറിഞ്ഞു
എന്റെയിടം കൈയിൽ നീ
വയ്ക്കാനേൽപിച്ച
ചന്ദ്രനെ ഞാൻ
ചുഴറ്റിയെറിഞ്ഞു.

ഞാൻ, പ്രതിയോഗിയേൽപിച്ച
വൈദ്യുത ദീപം വലം കൈയിലും
മെഴുകുതിരിയിടം കൈയിലും
പരവതാനി കാൽക്കീഴിലും
യന്ത്രക്കുളിര് ശിരസ്സിലും
മേനി സുഗന്ധ മലർശയ്യയിലും
കഴുത്ത് കാമിനിയുടെ മടിയിലും
അധരങ്ങൾ രാജഭോജ്യങ്ങളിലും
മദ്യചഷകങ്ങളിലും
മസ്തിഷ്കം പിശാചിന്റെ കൈയിലും
വെച്ചുദയാസ്തമയങ്ങ-
ളറിയാതെ
ജനിമൃതികളറിയാതെ
മയക്കത്തിലാണ്ടുപോയ്.
നാഥനൊടു നന്ദികെട്ടു
നിന്ദിതനായ ഞാൻ
നമ്രശിരസ്കനായ് നിൽക്കട്ടെ
നിന്മുന്നിൽ.
മനസ്സിന്റെ മുതുകിലിരിക്കും
പാപ ഭാരത്താൽ
കുറ്റബോധത്താൽ,
നമിക്കുന്നില്ല ഞാൻ.
പ്രണാമമർപ്പിക്കുന്നില്ല,
പ്രകൃതിമതമമൃത ധാരയാൽ
പ്രാകൃതരെപ്പോലും
പരമമുത്തമ സംസ്കൃതി
വിളയും കേദാരമാക്കിയ
പ്രവാചക പുംഗവാ
നിൻ മുന്നിൽ ഞാൻ.

നിന്നെ ഞാൻ നമിക്കുകിൽ
പ്രണാമമർപ്പിക്കുകി-
ലംഗ പ്രത്യംഗമെന്നെ
പ്രഹരിക്കാൻ
നീ ക്ഷമയുടെ യക്ഷയ
നിധി നൽകിയ
സാത്വികനബൂബക്കറും
സാഗരം പോലലറി-
യോടിയെത്തുമൊരു
ചാട്ടയുമായ്.

ജനിജീവിതമൃതികൾ-
ക്കുടയോനാം നാഥന്റെ
തൗഹീദിൻ ദീപ്തിയി
ലൊരു കിരണമുണ്ടെൻ ഖൽബിലിപ്പോഴും.

ഈയപഥന്റെ
വിഹാരപഥത്തിൽ
ഒരുടവാളുമായുമറോ
ഉസ്മാനോ അലിയോ
വരുകിലെന്റെ
കഥ കഴിക്കില്ല നബീ.
തൗബയുടെ തപിക്കുന്ന
ജലസംഭരണിയൊഴുക്കി
വിശുദ്ധി നേടുവാൻ
കൊതിക്കയാണീയപഥനിപ്പോഴും.
കുരിശിൽ തേൻപുരട്ടാതെ
ശൂലത്തിൽ വെണ്ണപൂശാതെ
നക്ഷത്രത്തിൽ നെയ്യിട്ടു മിനുക്കാതെ
ഗരുഢനിര കൊടുക്കാതെ
കരടിയ്ക്കു പിടികൊടുക്കാതെ
ഉറക്കെയുറക്കെ-
യുറച്ചുറച്ചറക്കാതെ
നിന്റെ നദിയെക്കുറിച്ചുള്ള
നേരുകളെങ്കിലും പാടി
ഉള്ളു തുറന്നുള്ളം നൊന്തു
നേരും നെറിവും പാടി
അബൂദർറിനെ യോർ-
ത്തോതോ മരുഭൂമിയി-
ലൊരു വിപ്രവാസിയായി
നിശ്വാസമുതിർക്കട്ടെ-
യാത്മ സായൂജ്യമടയട്ടെ